"ഭരണഭാഷ - മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

നമ്പർ:ഇ2/36634/16

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
KSHB Building,
ശാന്തിനഗർ, തിരുവനന്തപുരം-01.
തീയതി: 20/12/2016

# <u>സർക്കുലർ</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ് - 2017-2018-വിവിധ ട്രേഡുകൾക്ക് അഫിലിയേഷൻ -റീഅഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ ഉപകരണ സംഭരണം- ശുപാർശ അയയ്ക്കുന്നത്- സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ 26.10.2016 ലെ ഇ2/9339/16 നമ്പർ കത്ത്.

-----

സംസ്ഥാനത്ത് നിലവിലുള്ള വിവിധ ഐ.ടി.ഐകൾക്ക് NCVT അഫിലിയേഷൻ- റീ അഫിലിയേഷൻ നേടിയെടുക്കുന്നതിനാവശ്യമായ കുറവുള്ള ഉപകരണങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃകാഫോറത്തിൽ (പ്രൊഫോർമ I,II) തയ്യാറാക്കി <u>31.01.2017</u> നു മുമ്പ് അയച്ചുതരേണ്ടതാണ്.

പ്രൊഫോർമ തയ്യാറാക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. ടി ഉപകരണങ്ങൾ ഡി.ജി.റ്റി.യുടെ സിലബസ് പ്രകാരമുള്ളതാണെന്ന് ഉറപ്പു വരുത്തി, ആവശ്യമായ സ്പെസിഫിക്കേഷനോടുകൂടി മാർക്കറ്റിൽ ടി ഉപകരണത്തിന് എത്ര തുക വേണ്ടിവരും എന്നുമുള്ള വിവരങ്ങൾ വ്യക്തമായി മനസ്സിലാക്കണം.
2. മാർക്കറ്റുവില നിശ്ചയിക്കേണ്ടത് ബന്ധപ്പെട്ട ട്രേഡിലെ എക്സ്പേർട്ട് തന്നെ ആയിരിക്കണം. ടിയാൻ, ആവശ്യമെങ്കിൽ ഐറ്റങ്ങൾ ഉത്പാദിപ്പിക്കുന്ന സ്ഥാപനവുമായി ബന്ധപ്പെടുകയോ അല്ലായെങ്കിൽ സപ്ലൈ ചെയ്യുന്ന ഏജൻസിയുമായി ബന്ധപ്പെടുകയോ ചെയ്തതിനുശേഷം ടി തുക സൈറ്റിൽ ചെക്ക് ചെയ്ത് ശരിയാണെന്ന് ഉറപ്പു വരുത്തിയ ശേഷം മാത്രമേ ഫോറത്തിൽ രേഖപ്പെടുത്താവൂ.
3. നിലവിൽ ആവശ്യമായ സ്ഥലസൗകര്യമില്ലാതെ, വളരെ വിലപിടിപ്പുള്ള ഉപകരണങ്ങൾ സംഭരിക്കുന്നതിനുള്ള ശുപാർശകൾ അയയ്ക്കുമ്പോൾ ഇവ ലഭ്യമാകുന്ന അവസരത്തിൽ യന്ത്രോപകരണങ്ങൾ യഥാസ്ഥലത്ത് സ്ഥാപിക്കുന്നതിനുള്ള സ്ഥല സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട പ്രിൻസിപ്പാളിനായിരിക്കും. ആയതിനാൽ നിലവിലുള്ള സ്ഥലത്ത് അഫിലിയേഷൻ/റീ അഫിലിയേഷൻ എന്നിവയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ സംഭരിച്ച് ട്രെയിനികളുടെ പരിശീലനത്തിന് നൽകുവാൻ കഴിയുമെങ്കിൽ അത്തരത്തിലുള്ള ഉപകരണങ്ങൾ സംഭരിക്കുന്നതിനുള്ള ശുപാർശകൾ അയയ്ക്കണം.

4. ടി ശുപാർശയുടെ ഒരു പകർപ്പ് സി.ഡി.യിൽ ഇതോടൊപ്പം ചേർത്തിട്ടുള്ള പ്രൊഫോർമകളിൽ എക്സൽ ഫോർമാറ്റിൽ തയ്യാറാക്കി നൽകണം.
5. 2017-2018 സാമ്പത്തിക വർഷത്തെ പ്രൊപ്പോസൽ അയയ്ക്കുന്ന അവസരത്തിൽ സ്റ്റോറിലെ സ്റ്റോക്കും സ്റ്റോറും പരിശോധിച്ചതിനുശേഷം മാത്രമേ കുറവുള്ള ഉപകരണങ്ങളുടെ വിശദാംശം മാതൃക ഫോറത്തിൽ രേഖപ്പെടുത്തേണ്ടതുള്ളു.
6. ഉപകരണ സംഭരണം ആവശ്യമുള്ള പല ഐ.ടി.ഐകളിൽ നിന്നും കൃത്യതയോടും വ്യക്തതയോടും കൂടി സമയബന്ധിതമായി ശുപാർശകൾ ലഭിക്കാത്തിനാൽ സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ സംഭരണ നടപടികൾ പൂർത്തിയാക്കാൻ സാധിക്കാതെ വരുന്ന അവസ്ഥ ഒഴിവാക്കണം. ആയതിനാൽ മേൽപ്പറഞ്ഞ സമയക്രമം കൃത്യമായി പാലിക്കേണ്ടതാണ്.
7. 2016- 2017 സാമ്പത്തിക വർഷത്തിൽ സൂചന കത്ത് അനുസരിച്ച് ഈ കാര്യാലയ ത്തിൽ സംഭരണ നടപടികൾ സ്വീകരിച്ചിട്ടുള്ള ട്രേഡുകൾക്ക് വേണ്ട ഐറ്റങ്ങൾ പ്രൊഫോർമ I,II എന്നിവയിൽ ഉൾപ്പെടുത്തുവാൻ പാടുള്ളതല്ല.
8. റീ അഫിലിയേഷനുവേണ്ട Proforma തയ്യാറാക്കുമ്പോൾ stock register-ൽ ഉൾപ്പെട്ടിട്ടില്ലാത്ത സാധനങ്ങൾ ആണോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
9. മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് സംഭരണം നടത്താവുന്ന Tools & Equipments പ്രിൻസിപ്പാൾ തലത്തിൽ സംഭരണം നടത്തുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ആയവ ഈ പ്രൊഫോർമയിൽ ഉൾപ്പെടുത്തേണ്ടതില്ല.
10. മേൽപ്പറഞ്ഞ പ്രകാരം പ്രൊഫോർമകൾ പ്രത്യേകം പ്രത്യേകം തയ്യാറാക്കി തരം തിരിച്ച് ഹാജരാക്കണം.

അനുവദിച്ചിട്ടുള്ള സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന ശുപാർശകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
(വെബ്സൈറ്റ് മുഖേന)

എല്ലാ ഐ.ടി.മാർക്കും- അവരവരുടെ അധീനതയിലുള്ള ഐ.ടി.ഐകളിൽ നിന്നും സമയത്തിന് തന്നെ ശുപാർശകൾ എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

പകർപ്പ്: സംഭരണ ഫയൽ (ഇ2 സീറ്റ്.

എ.സ്. എച്ച്. 17.12.16

**<u>പ്രൊഫോർമ I</u>**

അഫിലിയേഷൻ ലഭിക്കാത്ത ട്രേഡുകളിൽ ആവശ്യമായ ഉപകരണങ്ങൾ (ഓരോ ട്രേഡുകൾക്കും പ്രത്യേകം പ്രത്യേകം പ്രൊഫോർമ തയ്യാറാക്കേണ്ടതാണ്)

ഐ.ടി.ഐ യുടെ പേര്..................

ട്രേഡ്...............................

Units: ---------- + ------------ = --------- Units

| Sl. No. | Sl.No. as per Syllabus | Name of Item as per Syllabus | Detailed Specification | Quantity required as per syllabi | Quantity available as per stock register | Balance Quantity required | Estimated rate per item | Total estimated cost | Remarks |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | Total | | |

Name & Signature of Instructor:

Name & Signature of Group Instructor:

Name & Signature of Principal

**<u>പ്രൊഫോർമ II</u>**

റീ-അഫിലിയേഷൻ ലഭിക്കാത്ത ട്രേഡുകളിൽ ആവശ്യമായ ഉപകരണങ്ങൾ (ഓരോ ട്രേഡുകൾക്കും പ്രത്യേകം പ്രത്യേകം പ്രൊഫോർമ തയ്യാറാക്കേണ്ടതാണ്)

ഐ.ടി.ഐ യുടെ പേര്..................

ട്രേഡ്...............................

Units: ---------- + ---------- = --------- Units

| Sl. No. | Sl.No. as per Syllabus | Name of Item as per Syllabus | Detailed Specification | Quantity required as per syllabi | Quantity available as per stock register | Balance Quantity required | Estimated rate per item | Total estimated cost | Remarks |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | Total | | |

Name & Signature of Instructor:

Name & Signature of Group Instructor:

Name & Signature of Principal

Sh. 19.12.16